## പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1180** — **13.12.2012 ൽ മറുപടിക്ക്**

**സമ്പൂർണ്ണ സാക്ഷരത എന്ന ലക്ഷ്യം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എൻ.എ.നെല്ലിക്കുന്ന്<br>ശ്രീ.കെ.എൻ.എ. ഖാദർ<br>ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി<br>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | ശ്രീ.പി.കെ.അബ്ദു റബ്ബ്<br>( വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| (എ) സാക്ഷരതാ പ്രവർത്തനങ്ങൾ ഊർജ്ജിതമായിരുന്നിട്ടും സംസ്ഥാനത്തിന് സമ്പൂർണ്ണ സാക്ഷരതയെന്ന ലക്ഷ്യം കൈവരിക്കാനാവാത്തതിന്റെ കാരണങ്ങൾ വിശകലനം ചെയ്തിട്ടുണ്ടോ;<br><br>(ബി) ഉണ്ടെങ്കിൽ പ്രസ്തുത വിശകലന ഫലങ്ങൾ എന്താണെന്ന് വിശദമാക്കുമോ; | (എ) & (ബി) ഉണ്ട്. സംസ്ഥാനത്ത് തീരദേശ, ആദിവാസി, ചേരി പ്രദേശങ്ങളിൽ നിരക്ഷരത ഇപ്പോഴും ഒരു സാമൂഹിക പ്രശ്നമായി നിലനിൽക്കുന്നു. സമ്പൂർണ്ണ സാക്ഷരതയെന്ന ലക്ഷ്യം കൈവരിക്കാനായി സംസ്ഥാന സാക്ഷരതാ മിഷൻ വഴി ഒരു സമഗ്ര സാക്ഷരതാ പൊതു വിദ്യാഭ്യാസ സർവ്വേ നടത്തി അവശേഷിക്കുന്ന നിരക്ഷരരെ കണ്ടെത്തി സാക്ഷരരാക്കുന്നതിനും നിരക്ഷരത പൂർണ്ണമായും സംസ്ഥാനത്ത് നിർമ്മാർജ്ജനം ചെയ്യുന്നതിനുമുള്ള കർമ്മ പദ്ധതിയ്ക്ക് മിഷൻ രൂപം കൊടുത്തിട്ടുണ്ട്. |
| (സി) സമ്പൂർണ്ണ സാക്ഷരത നേടിയെടുക്കുന്നതിന് നിലവിലെ പ്രവർത്തനങ്ങളിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (സി) ഉണ്ട്. സാക്ഷരതയിൽ പിന്നോക്കം നിൽക്കുന്ന വയനാട്, പാലക്കാട്, കാസറഗോഡ് എന്നീ ജില്ലകളിലും തീരദേശ, ആദിവാസി, ചേരി മേഖലകളിലും സാക്ഷരതാ നിലവാരം ഉയർത്തുന്നതിനുള്ള പരിപാടികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കി വരുന്നു. കൂടാതെ അക്ഷരലക്ഷം പദ്ധതിയുടെ രണ്ടാംഘട്ട പരിപാടികൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ